# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 21**

---

**സീഡ് ഫണ്ടിംഗിന് ഇപ്പോൾ അപേക്ഷിക്കാം**

## സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക പിന്തുണയുമായി എം.ജി സർവകലാശാല

നൂതന ആശയങ്ങളിൽനിന്ന് വിജയകരമായ സംരംഭത്തിലേക്കുള്ള യാത്രയിൽ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക പിന്തുണയുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്നവേഷൻ ഫൗണ്ടേഷൻ(എംജിയുഐഎഫ്). സ്റ്റാർട്ടപ്പുകൾക്ക് ഫൗണ്ടേഷൻറെ സീഡ് ഫണ്ടിംഗിന് ഇപ്പോൾ അപേക്ഷിക്കാം.

സർവകലാശാലാ കാമ്പസിൽ രണ്ടു വർഷം മുൻപ് പ്രവർത്തനമാരംഭിച്ച ഫൗണ്ടേഷനിൽ നിലവിൽ വിറ്റുവരവ് ഒരു കോടി പിന്നിട്ടവ ഉൾപ്പെടെ 13 സംരംഭങ്ങളുണ്ട്. ഉത്പന്നമോ സേവനമോ വികസിപ്പിക്കൽ, അതിൻറെ പരീക്ഷണം, വിപണനം, ബൗദ്ധിക സ്വത്തവാകശം, പ്രവർത്തന മൂലധനം എന്നിവയ്ക്കാണ് സീഡ് ഫണ്ടിംഗ് ലഭിക്കുക.

വിപണ സാധ്യതയുള്ള ഉത്പന്നമോ സേവനമോ മികച്ച സംരംഭമാക്കി വളർത്തുന്നതിന് പത്തു ലക്ഷം രൂപവരെയാണ് നൽകുന്നത്. സംരംഭകർ നേരിട്ട് ഇന്നവേഷൻ ഫൗണ്ടേഷനിൽ എത്തേണ്ടതില്ലാത്ത വെർച്വൽ ഇൻകുബേഷനും ഇവിടെ തന്നെ പ്രവർത്തിക്കാൻ കഴിയുന്ന ഇൻകുബേഷൻ വിത്ത് കോ-വർക്കിംഗിനും സൗകര്യമുണ്ട്. രണ്ടു വിഭാഗത്തിൽ പെടുന്നവർക്കും കമ്പനി രൂപീകരിക്കുമ്പോൾ എം.ജി.യു.ഐ.എഫിലെ വിലാസം ഉപയോഗിക്കാനാകും.

ഫൗണ്ടേഷനിൽ മാസ വാടക വ്യവസ്ഥയിൽ ഇരിപ്പിടങ്ങൾ നൽകുന്ന ഇൻകുബോഷൻ വിത്ത് കോ വർക്കിംഗ് തിരഞ്ഞെടുക്കുന്നവർക്ക് ഇവിടുത്തെ അത്യാധുനിക ഓഫീസ് സംവിധാനവും സാങ്കേതിക സൗകര്യങ്ങളും പ്രയോജനപ്പെടുത്താം. എം.ജി.യു.ഐ.എഫ് നൽകുന്ന വിലാസം കമ്പനിയുടേതായി ഉപയോഗിക്കാനും കഴിയും. വരുമാനം കുറവുള്ള പ്രാരംഭ ഘട്ടത്തിൽ ചിലവ് ഗണ്യമായി കുറയ്ക്കുന്നതിന് ഇത് ഉപകരിക്കും

നൂതന ബിസിനസ് ആശയങ്ങളെ സംരംഭങ്ങളായി വളർത്തുന്നതിനുള്ള വേദിയായി കമ്പനി നിമമപ്രകാരം 2019ൽ രൂപീകരിച്ച ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് എം.ജി.യു.ഐ.എഫ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിൽ റൂസ പ്രോജക്റ്റിൻറെ മാർഗനിർദേശ പ്രകാരമാണ്

പ്രവർത്തിക്കുന്നത്.

വിശദ വിവരങ്ങൾ www.mguif.com ൽ ലഭിക്കും. ഇതേ വെബ്സൈറ്റ് മുഖേന അപേക്ഷ നൽകാം. ഫോൺ 0481 2992684. ഇമെയിൽ : incubation.manager@mguif.com അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15.

***ഫോട്ടോ ക്യാപ്ഷൻ...***
എംജിയു ഇന്നവേഷൻ ഫൗണ്ടേഷനിലെ കോ-വർക്കിംഗ് സ്പേസ്.

(പി.ആർ.ഒ/39/487/2024)

## ഗ്രീൻ കാമ്പസ്; എം.ജി സർവകലാശാലാ കാമ്പസിലെ യാത്രയ്ക്ക് ഇനി സൈക്കിളുകൾ

എം.ജി സർവകലാശാലയിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും ജീവന ക്കാർക്കും കാമ്പസിനുള്ളിൽ യാത്ര ചെയ്യുന്നതിന് സൈക്കിളുകൾ ഏർപ്പെടുത്തി. ഗ്രീൻ കാമ്പസ് പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് ല ക്ഷ്യമിട്ട് ആദ്യ ഘട്ടമായി ഗിയറുള്ള എട്ടു സൈക്കിളുകളാണ് പ്രധാന ഗേറ്റിനു സമീപം ക്രമീകരിച്ചിരിക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർ വഹിച്ചു. ആദ്യ ഘട്ടം വിജയിച്ചാൽ കൂടുതൽ സൈക്കിളുകൾ ഏർപ്പെടുത്തുന്നത് പരി ഗണിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

പ്രധാന കവാടത്തിനു സമീപം സെക്യൂരിറ്റി പോയിന്റിൽ ക്യു ആർ കോഡ് സ കാൻ ചെയ്ത് വിവരങ്ങൾ നൽകിയാൽ രണ്ടു മണിക്കൂർ സമയത്തേക്ക് സൈക്കിളു കൾ സൗജന്യമായി ലഭിക്കും. കാമ്പസിനു പുറത്തേക്ക് സൈക്കിളുകൾ കൊണ്ടുപോ കുന്നതിന് അനുമതിയില്ല.

ഉദ്ഘാടനച്ചടങ്ങിൽ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടു ത്തു.

***ഫോട്ടോ ക്യാപ്ഷൻ...***
*മഹാത്മാ ഗാന്ധി സർവകലാശാലാ കാമ്പസിലെ യാത്രയ്ക്കായി ഏർപ്പെടുത്തിയ സൈ ക്കിളുകളുടെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹി ക്കുന്നു.*
(പി.ആർ.ഒ/39/488/2024)

## എം.ജി ഓണേഴ്സ് ബിരുദം; രണ്ടാം അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലും സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകളിലും ഏകജാലക പ്രവേശനത്തിനുള്ള രണ്ടാം അലോട്ട്മെൻറ്

പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ ജൂൺ 25ന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ പ്രവേശനം നേടണം.

താത്കാലിക പ്രവേശനം തെരഞ്ഞെടുക്കുന്നവർ കോളേജുകളിൽ ബന്ധപ്പെട്ട് പ്രവേശം ഉറപ്പാക്കിയാൽ മതിയാകും. ഒന്നാം ഓപ്ഷൻ ലഭിച്ചവരും സ്ഥിര പ്രവേശം തെരഞ്ഞെടുത്തവരും ഈ സമയപരിധിക്കുള്ളിൽ കോളേജുകളിൽ നേരിട്ട് ഹാജരായാണ് പ്രവേശനം നേടേണ്ടത്.

പ്രവേശനം എടുക്കുന്നവർ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം.
(പി.ആർ.ഒ/39/489/2024)

## പി.ജി; ഒന്നാം അലോട്ട്മെന്റ്, കമ്യൂണിറ്റി മെറിറ്റ് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെന്റും കമ്യൂണിറ്റി മെറിറ്റ് റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ ജൂൺ 26 ന് വൈകുന്നേരം നാലിനു മുൻപും കമ്യൂണിറ്റി മെറിറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ജൂലൈ ആറിനു മുൻപും കോളജുകളിൽ പ്രവേശനം നേടണം.
(പി.ആർ.ഒ/39/490/2024)

## ബി.എഡ്;30 വരെ രജിസ്റ്റർ ചെയ്യാം

എം.ജി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിൽ ഏകജാലക സംവിധാനത്തിലൂടെയുള്ള ബി.എഡ് പ്രവേശനത്തിന് ജൂൺ 30വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. സാധ്യതാ അലോട്ട്മെന്റ് ജൂലൈ നാലിനും ആദ്യ അലോട്ട്മെന്റ് ജൂലൈ എട്ടിനും പ്രസിദ്ധീകരിക്കും. ഒന്നാം സെമസ്റ്റർ ക്ലാസ് ജൂലൈ 22 ന് ആരംഭിക്കും.
(പി.ആർ.ഒ/39/491/2024)

## സിവിൽ സർവീസ് കോച്ചിംഗ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവസ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രിലിംസ് കം മെയിൻസ് കോച്ചിംഗ് ബാച്ചിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഫോൺ–9846802869
(പി.ആർ.ഒ/39/492/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎ ജേണലിസം ആന്റ് മാസ് കമ്യൂണിക്കേഷൻ(സി.എ

സ്.എസ് 2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ എട്ട്, ഒൻപത് തീയതികളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ആന്റ് ജേണലിസത്തിൽ നടക്കും.

.....

നാലാം സെമസ്റ്റർ ബിവോക് സോഫ്റ്റ് വെയർ ഡലപ്മെന്റ് ആന്റ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 24 മുതൽ മാറമ്പള്ളി എംഇഎസ് കോളജിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/493/2024)

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ ബിവോക്(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പരീക്ഷ ജൂലൈ എട്ടിന് ആരംഭിക്കും. ജൂൺ 27 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ജൂൺ 28ന് ഫൈനോടുകൂടിയും 29ന് സൂപ്പർ ഫൈനോടുകൂടിയും അപേക്ഷ സ്വീകരിക്കും.

......

നാലാം സെമസ്റ്റർ എംഎസ്സി സൈബർ ഫോറൻസിക്(സിഎസ്എസ് 2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 26 മുതൽ  കോളജുകളിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

.......

നാലാം സെമസ്റ്റർ എം.എഡ്(2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്)പരീക്ഷ  ജൂലൈ എഴിന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/494/2024)

## എം.എ കൗൺസലിംഗ്; സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന എം.എ ഇൻ കൗൺസിലിംഗ്  പ്രോഗ്രാമിൽ  എസ്.സി വിഭാഗത്തിൽ  രണ്ടു സീറ്റുകൾ ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ ഒരു അംഗീകൃത സർവകലാശാലാ ബിരുദമാണ് അടിസ്ഥാന യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ജൂൺ 25ന് ഉച്ചകഴിഞ്ഞ് രണ്ടിന് വകുപ്പ് ഓഫീസിൽ എത്തണം.  ഫോൺ- 08301000560,0481 2733399.

(പി.ആർ.ഒ/39/495/2024)

## പരീക്ഷകൾ മാറ്റിവച്ചു

ജൂൺ 28ന് നടക്കാനിരുന്ന രണ്ടാം സെമസ്റ്റർ ബിരുദം, ഐഎംസിഎ, ബി.വോക്, ഇന്റഗ്രേറ്റഡ് പി.ജി പരീക്ഷകൾ മാറ്റിവച്ചു. പുതിയ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/496/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**